I ഇ.ബി. XIV - കേരള നിയമസഭ /X-5

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 06, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I. അടിയന്തരപ്രമേയം

പൊന്തൻപുഴ വനമേഖലയുടെ ഉടമസ്ഥാവകാശം

മി. സ്പീക്കർ: പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നതും നാളിതുവരെ സർക്കാരിന്റെ ഉടമസ്ഥതയിൽ സംരക്ഷിച്ചുവരുന്നതുമായ പൊന്തൻപുഴ വനമേഖല സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലുള്ള കേസ് കൈകാര്യം ചെയ്തതിലെ അനാസ്ഥമൂലം വനത്തിന്മേലുള്ള സർക്കാരിനുള്ള ഉടമസ്ഥാവകാശം നഷ്ടപ്പെടുന്ന സാഹചര്യം

സംബന്ധിച്ചും കൈവശാവകാശരേഖയുള്ള കർഷകർ നേരിടുന്ന കുടിയിറക്ക് ഭീഷണി സംബന്ധിച്ചും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. മാണി റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

II. **ക്രമപ്രശ്നം**

ശ്രീ. ചിറ്റയം ഗോപകുമാർ: കോടതിയുടെ പരിഗണനയിലിരിക്കുന്നതും ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ കൊടുത്തിരിക്കുന്നതുമായ വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയത്തിന് അനുമതി നൽകാൻ പാടില്ല.

മി. സ്പീക്കർ: കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിന്റെ മെരിറ്റോ ഡീ-മെരിറ്റോ സംബന്ധിച്ച ചർച്ച അനുവദിക്കുന്നതല്ല. സമൂഹത്തിനുണ്ടാകുന്ന ആശങ്കകളെ സംബന്ധിച്ച് സഭയിൽ ഉന്നയിക്കാൻ അനുവദിക്കുകയാണ് ചെയ്തത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): 1905, 1907, 1917 വർഷങ്ങളിലെ മൂന്ന് റിസർവ് നോട്ടിഫിക്കേഷനുകളിലൂടെ വലിയകാവ്, ആലിപ്ര, കരിക്കാട്ടൂർ എന്നീ പ്രദേശങ്ങളുൾപ്പെടുന്ന മേഖലയെ വനമായി വിജ്ഞാപനം ചെയ്തതു മുതൽ ഈ പ്രദേശത്തെ സംബന്ധിച്ച തർക്കങ്ങൾ

കോടതിയിൽ തുടരുകയാണ്. റിസർവ് ആയി പ്രഖ്യാപിച്ച പ്രദേശത്ത് 1/1/1977 ന് മുമ്പുള്ള കുടിയേറ്റ കർഷകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും അവർക്ക് പട്ടയം കൊടുക്കണമെന്നുമാണ് സർക്കാർ നിലപാട്. പൊന്തൻപുഴ വനമേഖലയെ സംബന്ധിച്ച ക്ലെയിമുകൾ സെറ്റിൽമെന്റ് ഓഫീസർ തള്ളിയതിനെതിരെ പരാതിക്കാർ ജില്ലാ കോടതിയിൽ നിന്നും അനുകൂലവിധി സമ്പാദിക്കുകയുണ്ടായി. ഇതിനെതിരെ വനം വകുപ്പ് ഹൈക്കോടതിയെ സമീപിച്ചു. തുടർന്ന് പരാതിക്കാർ സുപ്രീംകോടതിയെ സമീപിക്കുകയും കേസ് റിമാന്റ് ചെയ്ത് വീണ്ടും ഹൈക്കോടതിയിലേയ്ക്കുകയുമാണുണ്ടായത്. ഹൈക്കോടതിയിൽ കേസ് നടത്തുന്ന കാര്യത്തിൽ യാതൊരു വീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കൂടുതൽ വിസ്തൃതിയുള്ള കരിക്കാട്ടൂർ പ്രദേശത്തിനെതിരെയുള്ള ജില്ലാ കോടതിയുടെ കണ്ടെത്തൽ അസ്ഥിരപ്പെടുത്തുകയും ആലിപ്ര, വലിയകാവ് റിസർവ്വുകളുടെ കാര്യത്തിൽ നിലവിലുള്ള നിയമമനുസരിച്ച് സ്വാഭാവികമായും വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിവിഷൻ പെറ്റീഷന്മേൽ എതിരായ വിധി വന്നാൽ സുപ്രീം കോടതിയെ സമീപിക്കുന്നതാണ്. ഒരിഞ്ചു വനഭൂമിപോലും സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കില്ലെന്നും കൈവശരേഖയുള്ള കർഷകർക്ക് പട്ടയം കൊടുക്കണമെന്നുമാണ് സർക്കാർ നിലപാട്.

<u>ശ്രീ. കെ. എം. മാണി:</u> പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പൊന്തൻപുഴ പ്രദേശം 1905-ൽ വനമായി നോട്ടിഫൈ ചെയ്തുവെങ്കിലും ഉടമസ്ഥാവകാശം ക്ലെയിം ചെയ്തുകൊണ്ട് ഫയൽ ചെയ്ത കേസ്സിൽ സ്വകാര്യ വ്യക്തികൾക്ക് അനുകൂലമായിട്ടാണ് ജില്ലാ കോടതി വിധി പുറപ്പെടുവിച്ചത്. ഇത് ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്ത കേസിൽ ഹൈക്കോടതി സർക്കാരിന് അനുകൂലമായ വിധി പുറപ്പെടുവിച്ചുവെങ്കിലും സ്വകാര്യ വ്യക്തികൾ സുപ്രീംകോടതിയെ സമീപിച്ചു. പ്രസ്തുത കേസ്സിൽ സർക്കാരിന് അനുകൂലമായുണ്ടായിട്ടുള്ള വിധികൾ ചൂണ്ടിക്കാണിക്കുന്നതിലും തെളിവുകൾ ഹാജരാക്കുന്നതിലും അവകാശം ഉന്നയിച്ച സ്വകാര്യ വ്യക്തികളുടെ ചെമ്പുപട്ടയത്തിന്റെ ആധികാരികതയെ ചോദ്യം ചെയ്യുന്നതിലും കേസ് കാര്യക്ഷമമായി നടത്തുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പൊന്തൻപുഴ വനത്തെ കുറ്റിക്കാട് എന്ന് വിശേഷിപ്പിച്ച് റിപ്പോർട്ട് നൽകിയ അഭിഭാഷകനെതിരെ നടപടി സ്വീകരിക്കുന്നതിനോ റിപ്പോർട്ടിൽ തിരുത്തൽ വരുത്തുന്നതിനോ തയ്യാറായിട്ടില്ല. സർക്കാർ രേഖകളിൽ ഒരിക്കലെങ്കിലും വനം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രദേശം വനമായിത്തന്നെ തുടരുമെന്ന സുപ്രീംകോടതിയുടെ വിധിന്യായം സർക്കാർ അഭിഭാഷകൻ കോടതിയിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊന്തൻപുഴയുടെ ഉടമസ്ഥാവകാശം സർക്കാരിന് നഷ്ടപ്പെടുന്ന

സാഹചര്യം വന്നാൽ വനത്തിനു സമീപം വസിക്കുന്ന കർഷകർക്ക് പട്ടയം ലഭിക്കാത്തതുൾപ്പെടെയുള്ള നിരവധി പ്രത്യാഘാതങ്ങൾ ഉണ്ടാകും. കേസ് നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ചകൾ അന്വേഷിക്കുന്നതിനും കേസ് ജയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പ്രദേശത്തെ കർഷകരെ സംരക്ഷിക്കുന്നതിനുമുള്ള ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. രാജു എബ്രഹാം: നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊന്തൻപുഴ പ്രദേശത്തെ കർഷകർ പട്ടയം ലഭിക്കാൻ അർഹരാണ്. ഹൈക്കോടതി വിധിയിൽ ആശങ്കപ്പെടേണ്ടതില്ലെങ്കിലും കേസ് കാര്യക്ഷമമായി നടത്തുന്നതിനും വനം വകുപ്പിന്റെ എൻ.ഒ.സി.-യോടുകൂടി കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: 2001-ൽ സർക്കാരിന് അനുകൂലമായി വന്ന ഈ കേസ് പതിനേഴ് വർഷത്തിനുശേഷം പ്രതികൂലമായതെങ്ങനെയാണെന്ന് വ്യക്തമാക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ഇപ്പോൾ വന്നിട്ടുള്ള ഹൈക്കോടതി വിധിക്കെതിരെ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കേസ് കൂടുതൽ ഗൗരവമായി നടത്തുന്നതാണ്. കർഷകരെ കുടിയിറക്ക് ഭീഷണിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. വിധി

വരുന്നതിനനുസരിച്ച് 01/01/1977-ന് മുമ്പ് കുടിയേറിയ കർഷകർക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. **ശ്രദ്ധക്ഷണിക്കൽ**

### (1) നെല്ല് സംഭരണത്തിലെ പ്രതിസന്ധി

ശ്രീ. കെ. വി. വിജയദാസ്: പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കി കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കണം. ഉല്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കാനും കർഷകരിൽനിന്നും സംഭരിച്ച ഒന്നാംവിള നെല്ലിന്റെ തുക കൊടുത്തു തീർക്കാനും 70 വയസ്സിനുമുകളിലുള്ള കർഷകർക്കുകൂടി സംഭരണവില ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റൻസിന്

കൂടുതൽ ആളുകളെ നിയോഗിക്കണം. നെല്ല് പരിശോധന, ചാക്കിന്റെ ലഭ്യത, നെല്ല് സംഭരണം എന്നിവയിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. നെല്ല് സംഭരണം ഊർജ്ജിതമാക്കാനും നെല്ല് കയറ്റുമതി കൂലിയുമായി ബന്ധപ്പെട്ട മില്ലുകാരുടെ തട്ടിപ്പ് അവസാനിപ്പിക്കാനും പാലക്കാട് ജില്ലയിലെ ഈ വർഷത്തെ നെല്ല് സംഭരണം പരീക്ഷണാടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ ഏല്പിക്കാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം കേരളത്തിലെ നെൽകർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽനിന്നും ഏറ്റെടുത്ത് കേരളത്തിലെ മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. പട്ടാമ്പി, മണ്ണാർക്കാട്, ഒറ്റപ്പാലം, പാലക്കാട് താലൂക്കുകളിൽ 60-ഉം ആലത്തൂർ താലൂക്കിൽ 35-ഉം ചിറ്റൂർ താലൂക്കിൽ 10-ഉം ശതമാനം നെല്ല് സംഭരണം പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലയിലെ നെല്ല് സംഭരണം സുഗമമായി നടത്തുന്നതിന് 16 കൃഷി അസിസ്റ്റന്റുമാരെയും 12 ദിവസ വേതനക്കാരെയും നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

കൊയ്ത്തിനനുസരിച്ച് സുഗമമായി നടത്താനാവശ്യമായ കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. 2017- 18 രണ്ടാംവിള നെല്ല് സംഭരണത്തിൽ പി.ആർ.എസ് (പാഡി റസീപ്റ്റ് ഷീറ്റ്) നൽകിയ 1200 കർഷകർക്ക് നെല്ലിന്റെ തുക ലഭ്യമാക്കിയിട്ടുണ്ട്. ബാങ്കിന്റെ കൺസോർഷ്യവുമായുണ്ടാക്കിയ ധാരണയിൽ 70 വയസ്സിനുമേൽ പ്രായമുള്ള കർഷകരുടേയും ഗൾഫിലുള്ളവരുടെയും സ്ഥലത്തില്ലാത്തവരുടേയും തുക നൽകുന്ന കാര്യത്തിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് തീർപ്പുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്ത് സുഗമമായി നെല്ല് സംഭരിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഗവൺമെന്റ് കാലേക്കൂട്ടി നടത്തിയിരുന്നു. കോട്ടയം ജില്ലയിലെ കല്ലറ മേഖലയിൽ കരിനിലത്തിൽനിന്നും ഉല്പാദിപ്പിച്ച നെല്ല് ഗുണമേന്മയില്ലാത്തതാണെന്ന കാരണത്താൽ സംഭരിക്കാൻ മില്ലുടമകൾ തയ്യാറാകാത്ത പ്രശ്നത്തിൽ സർക്കാർ അടിയന്തിരമായി ഇടപെട്ട് പരിഹാരമുണ്ടാക്കുന്നതാണ്. തൃശ്ശൂർ ഉൾപ്പെടെ ചില ജില്ലകളിൽ കൃഷിക്കാർക്ക് നെല്ല് കയറ്റിറക്കിന് നൽകുന്ന 12 രൂപ വർദ്ധിപ്പിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിൽ സഹകരണ മേഖലയെക്കൂടി ഉൾപ്പെടുത്തി പ്രത്യേക ബ്രാന്റായി സപ്ലൈകോ വഴി വിറ്റഴിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായശേഷം അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. നെല്ല് സംഭരണ

കാര്യത്തിൽ സംസ്ഥാനമൊട്ടാകെ മെച്ചപ്പെട്ട സ്ഥിതിയാണുള്ളത്.

(2) കരട് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിലെ അപാകത

ശ്രീ. എം. വിൻസെന്റ്: കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിൽ സോൺ 3 കാറ്റഗറിയിൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ യാതൊരു വികസനപ്രവർത്തനവും നടത്താൻ സാധിക്കുകയില്ല. നിലവിലുള്ള നിബന്ധനകൾക്കും നോട്ടിഫിക്കേഷനും വിരുദ്ധമായിട്ടാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. തദ്ദേശവാസികളെ ബോധവൽക്കരിച്ചുകൊണ്ട് അഭിപ്രായ സമന്വയത്തിലൂടെ കരട് പ്ലാൻ തയ്യാറാക്കുന്നതിനും അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. പ്ലാനിലെ അപാകതകളെക്കുറിച്ച് തദ്ദേശവാസികൾക്ക് യാതൊരു അറിവും ഇല്ലാത്തതിനാൽ മൂന്ന് ജില്ലകളിൽ നടക്കാനിരിക്കുന്ന പബ്ലിക് ഹിയറിംഗ് മാറ്റിവയ്ക്കുന്നതിനും CRZ കാറ്റഗറിയെ പുന:ക്രമീകരിച്ച് തീരദേശവാസികളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): CRZ നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പ്രസ്തുത നിയമത്തിലൂടെ സംസ്ഥാനത്തിന്റെ ഘടനതന്നെ മാറ്റാനുള്ള ശ്രമമാണ് നടന്നുവരുന്നത്.

ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ യോജിച്ച് പ്രവർത്തിക്കണം. സോൺ 3 കാറ്റഗറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കാവുന്നതാണ്. കരട് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടില്ലെങ്കിൽ അതുമായി ബന്ധപ്പെട്ട തുടർ നടപടികൾ നിർത്തിവയ്ക്കാം.

## IV. സബ്മിഷൻ

### (1) ഹൈമവതിയെ ആക്രമിച്ച സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴ ജില്ലയിൽ എഴുകുന്നം പഞ്ചായത്തിലെ പതിനാറാം വാർഡിൽ ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ച യു.ഡി.എഫ്. സ്ഥാനാർത്ഥിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതയുമായ ഹൈമവതിയെ സി.പി.ഐ.(എം). പ്രവർത്തകർ വീടുകയറി ആക്രമിക്കുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് മുഴുവൻ പ്രതികളെയും അടിയന്തരമായി നിയമത്തിനുമുന്നിൽ കൊണ്ടുവരികയും വധശ്രമത്തിന് കേസ്സെടുക്കുകയും ചെയ്യണം.

ശ്രീ. എ. എം. ആരിഫ്: അരൂർ നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിജയാഹ്ലാദ പ്രകടനം നടത്തിയ എൽ.ഡി.എഫ്. പ്രവർത്തകർക്കുനേരെ എതിർ സ്ഥാനാർത്ഥിയായിരുന്ന

ഹൈമവതിയും കുടുംബാംഗങ്ങളും ആക്രമണം നടത്തിയതിനെതിരെ കേസ്സെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും ഒരേ വിഷയമാണ് ഇവിടെ അവതരിപ്പിച്ചത്. ആലപ്പുഴ എഴുകുന്നം പഞ്ചായത്തിലെ 16-ാം വാർഡിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. സി. എസ്. ജീവൻ വിജയിച്ചതിനെത്തുടർന്ന് 01-03-2018-ന് വൈകുന്നേരം നടന്ന ആഹ്ലാദപ്രകടനത്തിൽ പങ്കെടുത്തവർ എതിർ സ്ഥാനാർത്ഥി ശ്രീമതി ഹൈമവതിയുടെ വീട്ടിൽ അതിക്രമിച്ചുകയറി ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും കല്ലുകൊണ്ട് ഇടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നാലു പേരെ പ്രതികളാക്കി അരൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ശ്രീമതി ഹൈമവതി വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. ആഹ്ലാദപ്രകടനം നടത്തിയ പ്രവർത്തകർ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട സ്ഥാനാർത്ഥിയുടെ വീടിന് സമീപത്തുവച്ച് ആക്രമിക്കപ്പെടുകയുണ്ടായി. പരിക്കേറ്റ എൽ.ഡി.എഫ് പ്രവർത്തകർ എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. എൽ.ഡി.എഫ്. പ്രവർത്തകനായ സൂരജിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഹൈമവതി, കണ്ണൻ, ലൈജു, മുഹമ്മദ്,

ഹനീഫ്, മറ്റ് കണ്ടാലറിയാവുന്ന നാല് പേരെ പ്രതികളാക്കി അഴൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി.യിലെ വിവിധ വകുപ്പുകൾ പ്രകാരം മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് സ്ഥലത്ത് ശക്തമായ പോലീസ് പട്രോളിംഗും പിക്കറ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

## (2) കോസ്റ്റ് ഗാർഡ് അക്കാദമി

ശ്രീ. ടി. വി. രാജേഷ്: കണ്ണൂർ ജില്ലയിലെ ഇരിണാവിൽ തീരദേശ സംരക്ഷണത്തിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച കോസ്റ്റ് ഗാർഡ് അക്കാദമിയുടെ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിൽ കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കണമെന്ന 2009-ലെ കേന്ദ്ര സർക്കാർ തീരുമാനത്തെത്തുടർന്ന് കണ്ണൂർ ജില്ലയിലെ അഴീക്കലിൽ 164 ഏക്കർ സ്ഥലം കൈമാറുകയും ഏകദേശം 65.56 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കണ്ടൽക്കാട് ഉൾപ്പെടുന്ന പ്രദേശമായതിനാൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി കോസ്റ്റ് ഗാർഡ് സമർപ്പിച്ച ശിപാർശയിന്മേൽ നാളിതുവരെ അനുകൂല തീരുമാനം ലഭിച്ചിട്ടില്ല. പ്രസ്തുത അക്കാഡമി മംഗലാപുരത്തേയ്ക്ക് മാറ്റുന്നതിനുള്ള നീക്കം നടക്കുന്നുവെന്ന്

ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഴീക്കലിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് 2018 ജനുവരി 6-ന് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(3) ജപ്തി നടപടി

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അന്യായമായ ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് വീട്ടമ്മയായ പ്രീത നടത്തുന്ന നിരാഹാര സമരം അവസാനിപ്പിക്കുന്നതിനും അവർക്ക് അർഹമായ നീതി ലഭ്യമാക്കുന്നതിനും എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 1993-ൽ ലോർഡ് കൃഷ്ണാ ബാങ്കിൽ നിന്നും ബന്ധുവിന് മൂന്ന് ലക്ഷം രൂപ വായ്പയെടുക്കുന്നതിനായി കളമശ്ശേരി നിവാസിയായ ഷാജിയുടെ ഭാര്യ പ്രീത സ്വന്തം വസ്തു ജാമ്യം നൽകുകയും തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് വായ്പയെടുത്ത വ്യക്തിക്ക് ബാങ്ക് പലതവണ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 1997-ൽ ഒരു ലക്ഷം രൂപ തിരിച്ചടയ്ക്കുകയും വീണ്ടും തിരിച്ചടവുകൾ മുടങ്ങിയതിനാൽ ബാങ്ക് ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിന് കേസ് കൈമാറുകയും ഡി.ആർ.ടി. നടപടിക്രമങ്ങൾ പാലിച്ച് 2015-ൽ വസ്തു ഓൺ ലൈൻ ലേലത്തിലൂടെ 38 ലക്ഷം രൂപയ്ക്ക് വിൽക്കുകയുമാണുണ്ടായത്. ഇതിൽ പ്രതിഷേധിച്ച് പ്രീത നടത്തിവരുന്ന നിരാഹാര സമരത്തെത്തുടർന്ന് അഡീഷണൽ

ജില്ലാ മജിസ്ട്രേറ്റ് 21-02-2018-ന് ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തിയെങ്കിലും ഡി.ആർ.ടി. വഴി തീർപ്പാക്കിയ കേസായതിനാൽ ബാങ്കിന് ഇക്കാര്യത്തിൽ ഇളവുകൾ നൽകാൻ കഴിയില്ലെന്ന് അറിയിച്ചു. വസ്തു ലേലത്തിൽ വാങ്ങിയവർക്ക് മുടക്കിയ തുകയും ന്യായമായ പലിശയും നൽകാൻ ഷാജി തയ്യാറായെങ്കിലും വസ്തു ലേലത്തിൽ പിടിച്ച വ്യക്തിക്ക് ആ വ്യവസ്ഥ സ്വീകാര്യമായില്ല. ഇക്കാര്യം കോടതി മുഖാന്തിരം തീർപ്പുകൽപ്പിക്കണമെന്ന് ബന്ധപ്പെട്ട കക്ഷികൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും വീടും സ്ഥലവും ജപ്തി ചെയ്യുന്നൊരു സാഹചര്യം എറണാകുളം ജില്ലയിൽ നിലനിൽക്കുന്നതിനാൽ സർഫാസി നിയമത്തിന്റെ മറവിൽ നടക്കുന്ന ഇത്തരം വായ്പാ തട്ടിപ്പ് കേസുകൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2017 നവംബർ 9-ന് ചേർന്ന യോഗത്തിൽ പരിഗണിച്ച കേസുകൾ എസ്.എൽ.ബി.സി.യുടെ അനുകൂല പരിഗണനയ്ക്ക് വിട്ടതിനുപുറമെ പോലീസ് അന്വേഷണവും നിയമ നടപടികളും ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാദ്ധ്യതയ്ക്ക് സർഫാസി ആക്റ്റ് ബാധകമാകുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി ആക്റ്റിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് 2017 ആഗസ്റ്റ് 21-ാം തീയതി സഭ ഐകകണ്ഠ്യേന പ്രമേയം

പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. ഈ വിഷയം എത്രയും വേഗം പരിഹരിക്കണമെന്ന് എറണാകുളം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നതാണ്.

(4) ജാഷിം എന്ന വിദ്യാർത്ഥിയുടെ മരണം

ശ്രീ. കെ. കുഞ്ഞിരാമൻ: ഉദുമ പഞ്ചായത്തിലെ ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായ ജാഷിമിന്റെ ദുരൂഹ മരണത്തിനുപിന്നിലെ കഞ്ചാവ്-മയക്കുമരുന്ന്-ഭൂ മാഫിയകളുടെ പങ്കിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാനും ജാഷിമിന്റെ കുടുംബത്തിന് അടിയന്തര സഹായം നൽകാനും മാങ്ങാട് പ്രദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡ് ജില്ലയിലെ മാങ്ങാട് പ്രദേശവാസിയായ 15 വയസ്സുള്ള മുഹമ്മദ് ജാഷിം 01-03-2018-ന് സുഹൃത്തിന്റെ വീട്ടിൽ പോയിട്ട് തിരിച്ചെത്തിയില്ലെന്ന പിതാവിന്റെ പരാതിയെത്തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 05-03-2018-ന് പുലർച്ചേ കല്ലനാട് റെയിൽവേ ഓവർ ബ്രിഡ്ജിനടുത്ത് മരിച്ചുകിടക്കുന്നതായി കണ്ടെത്തുകയും സംഭവസ്ഥലം ഡോഗ് സ്ക്വാഡും ഫോറൻസിക് വിദഗ്ദ്ധരും പരിശോധിക്കുകയുമുണ്ടായി. കേസ് ശാസ്ത്രീയമായി അന്വേഷിക്കുന്നതോടൊപ്പം

കഞ്ചാവ്-മയക്കുമരുന്ന് മാഫിയകൾക്ക് മരണവുമായി ബന്ധമുണ്ടോയെന്ന കാര്യവും പരിശോധിക്കുന്നതാണ്. സംഭവവുമായി ബന്ധപ്പെട്ട് അബ്ദുൾ ഖാദർ, വിനീഷ്, ജാബിർ അലി എന്നിവരെ കസ്റ്റഡിയിലെടുക്കുകയും അബ്ദുൾ ഖാദറിനെ ജുവനൈൽ കോടതി മുമ്പാകെ ഹാജരാക്കി ഒബ്സർവേഷൻ ഹോമിലേയ്ക്ക് അയയ്ക്കുകയും മറ്റു രണ്ടുപേരെ ചോദ്യം ചെയ്തുവരികയുമാണ്.

(5) ആദിവാസി നയം

ശ്രീ. പി. ടി. തോമസ്: എസ്.സി.-എസ്.ടി വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനും സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ നയത്തിന് രൂപം നൽകുന്നതിനും ആദിവാസി മേഖലയ്ക്കായി ചെലവഴിക്കപ്പെടുന്ന ഫണ്ടിന്റെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരളത്തിൽ 37 വിഭാഗങ്ങളിലായി ആകെ 4,84,139 ആദിവാസികളാണുള്ളത്. വ്യത്യസ്തങ്ങളായ ആചാരാനുഷ്ഠാനങ്ങളും ജീവിത രീതിയും പുലർത്തുന്ന ഇവരുടെ പ്രശ്നങ്ങളും വികസനാവശ്യങ്ങളും വ്യത്യസ്തങ്ങളായതിനാലും ഏകീകൃത പട്ടികവർഗ്ഗ നയം ആവിഷ്കരിക്കുന്നത് അശാസ്ത്രീയമായതിനാലും തദ്ദേശസ്വയംഭരണം, ആരോഗ്യം, സാമൂഹ്യനീതി, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ

പ്രത്യേക മൈക്രോ പ്ലാനിംഗ് രീതികളും പൊതു വികസന അജണ്ടയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരികയാണ്. എല്ലാവർക്കും വീട്, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നീ അടിസ്ഥാന സൗകര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പദ്ധതി നിർവ്വഹണത്തിനാണ് വകുപ്പ് ഊന്നൽ നൽകുന്നത്. വനാന്തരങ്ങളിൽ ഒറ്റപ്പെട്ടുകഴിയുന്ന ദുർബല വിഭാഗങ്ങളായ പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും സമഗ്ര വികസനത്തിനും ആവശ്യമായ ധാരാളം പദ്ധതികൾ പുതുതായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി 19 എം.ആർ.എസ്.-കളും 106 പ്രീമെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നടത്തിവരുന്നതുകൂടാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുടക്കമില്ലാതെ നൽകുകയും ചെയ്യുന്നു. ഗോത്രബന്ധു പദ്ധതി വഴി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും ഭക്ഷണവും താമസ സൗകര്യവും നൽകുന്നതിനും വയനാട് ജില്ലയിലെ ആദിവാസി വിദ്യാർത്ഥികൾക്ക് അവരുടെ ഭാഷയിൽ വിദ്യാഭ്യാസം നൽകുന്നതിന് മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനും കേരളത്തിലെ 100 ആദിവാസി ഊരുകളിൽ 'സാമൂഹ്യ പഠന മുറി' ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തിൽ സമഗ്രമായ മാറ്റം കൊണ്ടുവരാൻ

സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൺ, ന്യൂട്രിഷ്യൻ റിഹാബിലേറ്റഷൻ പദ്ധതികളും അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പ്രത്യേക സംരക്ഷണത്തിനായുള്ള 'ജനനി ജന്മരക്ഷാ' പദ്ധതിയും പാരമ്പര്യ ഭക്ഷണം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് 'മില്ലറ്റ് വില്ലേജ് ' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുന്നതിന് 'ഗോത്രജീവിക' എന്ന ഒരു പുതിയ പദ്ധതിക്ക് തുടക്കം കുറിക്കുകയും ഈ വിഭാഗത്തിലെ ആളുകളുടെ ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനായി ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു മേഖലാ ഓഫീസ് കേരളത്തിൽ തുടങ്ങുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(6) <u>തുകയുടെ വിനിയോഗം</u>

<u>ശ്രീ. പി. സി. ജോർജ്ജ്</u>: എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അനുവദിച്ച തുകയുടെ കഴിഞ്ഞ 17 വർഷത്തെ വിനിയോഗം സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിനുപുറമെ വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, ഫോറസ്റ്റ്, റവന്യൂ, സിവിൽ സപ്ലൈസ്, സാമൂഹ്യനീതി എന്നീ വകുപ്പുകളുമായി ചേർന്നാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും നടപ്പിലാക്കുന്നതും. പൊതുവികസന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നേരിട്ടും പ്രാദേശിക വികസന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് നടപ്പിലാക്കുന്നത്. വകുപ്പിന് ലഭിക്കുന്ന ഫണ്ടിന്റെ 60 ശതമാനം തുക വിദ്യാഭ്യാസ മേഖലയ്ക്കാണ് നീക്കിവച്ചിരിക്കുന്നത്. പൊതുവിദ്യാഭ്യാസ സംവിധാനത്തിനുപുറമെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, ഐ.ടി.ഐ.കൾ, മെഡിക്കൽ കോളേജ്, പോളിടെക്നിക്, സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ എസ്.സി./എസ്.ടി. വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇതിനുള്ള തുക സ്ഥാപനങ്ങൾ വഴി ചെലവഴിക്കുന്നതിനാൽ മറ്റാർക്കും തിരിമറി നടത്താൻ സാധിക്കില്ല. വിദ്യാഭ്യാസ നിലവാരവും റിസൾട്ടും വളരെയേറെ മെച്ചപ്പെടുത്താൻ ഈ സ്ഥാപനങ്ങൾ വഴി സാധിക്കുന്നുണ്ട്. പട്ടികജാതി ഉപപദ്ധതിയിൽനിന്നും 450

കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നിന്നും 108 കോടി രൂപയുമാണ് വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം നീക്കിവയ്ക്കുന്നത്. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ കാരണം മനസ്സിലാക്കി ഗോത്രഭാഷാ ജ്ഞാനമുള്ള, അദ്ധ്യാപക യോഗ്യത നേടിയ 241 പേരെയാണ് പ്രാഥമിക വിദ്യാലയങ്ങളിൽ ഗോത്രബന്ധു പദ്ധതിയുടെ ഭാഗമായി നിയമിച്ചിട്ടുള്ളത്. അഭ്യസ്ത വിദ്യരായ 100 ആദിവാസികളെ പോലീസിലേയ്ക്കും 100 പേരെ എക്സൈസിലേയ്ക്കും നിയമിക്കുന്നതിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി ഊരുകളിൽ സാമൂഹ്യപഠന മുറികൾ ആരംഭിക്കുകയും ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളെ ലൈഫിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വകുപ്പുമായി ബന്ധപ്പെട്ട് ഒരു ആരോപണമോ ഓഡിറ്റ് ഒബ്ജക്ഷനോ ഉണ്ടായിട്ടില്ല. എന്നാൽ 17 വർഷം വരെയുള്ള കാര്യങ്ങൾ അന്വേഷിക്കണമെന്നത് പ്രായോഗികമല്ല. ആദിവാസി യുവാവ് മധുവിന്റെ മരണവുമായി ബന്ധപ്പെട്ട് പോലീസ് ശക്തമായി ഇടപെടുകയും കൊലപാതകവുമായി ബന്ധപ്പെട്ട 16 പ്രതികളെ അറസ്റ്റ് ചെയ്യുകയും ആ കുടുബത്തെ സംരക്ഷിക്കുന്നതിനായി പതിനെട്ടേകാൽ ലക്ഷം രൂപയുടെ ധനസഹായം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്ന

തിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) <u>മുദ്രപ്പത്രങ്ങളുടെ ലഭ്യത</u>

<u>ശ്രീ. അൻവർ സാദത്ത്</u>: കുറഞ്ഞ മൂല്യമുള്ള മുദ്രപ്പത്രങ്ങൾ, റവന്യൂ സ്റ്റാമ്പ്, കോർട്ട് ഫീ സ്റ്റാമ്പ് എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: 50, 100 രൂപയുടെള്ള മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം ജനങ്ങൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അധികമായി സ്റ്റോക്കുള്ള ഒരു രൂപ മുതൽ അഞ്ച് രൂപ വരെയുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ 50 രൂപ മൂല്യമുള്ളവയായും ഏഴ് മുതൽ പത്ത് രൂപവരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം ചെയ്ത് സർക്കാർ ഉത്തരവിറക്കുകയും അത് പൊതുജനങ്ങൾക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 50, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 31-03-2018 വരെ ആവശ്യമായ മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ് അധികാരികൾക്ക് നൽകുകയും ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയാക്കിയതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽനിന്നും ഹൈദരാബാദ്

സെക്യൂരിറ്റി പ്രസ്സിൽനിന്നും കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് മേധാവികൾ അവലോകനയോഗം കൂടി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) <u>വള്ളക്കടവ് പാലം നിർമ്മാണം</u>

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: വള്ളക്കടവ് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ)</u>: വള്ളക്കടവ് പാലം പുതുക്കിപ്പണിയുന്നതിനായി 2009-ൽ ഉത്തരവിറക്കുകയും 2011-ൽ 5,37,50,000 രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടിയുടെ അന്തിമഘട്ടത്തിൽ നിർമ്മാണപ്രവൃത്തി ടെണ്ടർ ചെയ്യുകയും പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തെങ്കിലും റവന്യൂ വകുപ്പിന് സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കാൻ സാധിക്കാത്തതിനാൽ 2015-ൽ കോൺട്രാക്ടറെ പിരിച്ചുവിടുകയും റിസ്ക് ആന്റ് കോസ്റ്റിൽ ആ പണി അവസാനിപ്പിക്കുകയും ചെയ്തു. 2013-ലെ പുതിയ എൽ.എ. ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള അപേക്ഷ ഈ ഗവൺമെന്റ് 2016-ൽ

ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും പരിശോധനയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയും പുതിയ എൽ.എ. ആക്ട് പ്രകാരം സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി നടത്താനുള്ള ഏജൻസിയെ റവന്യൂ വകുപ്പ് കണ്ടെത്തുകയും അതിനുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തര പ്രാധാന്യം നൽകി സ്ഥലമേറ്റെടുക്കുന്നതിനുള്ള എല്ലാ നടപടികളും ഇരുവകുപ്പുകളും ചേർന്ന് സ്വീകരിച്ചുവരികയാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് വള്ളക്കടവ് പാലം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഡയറക്ട് നെഗോസിയേഷൻ ബന്ധപ്പെട്ട എം.എൽ.എ.-യും ജനപ്രതിനിധികളുമായി നടത്തിയാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ സാധിക്കും. അതുമായി ബന്ധപ്പെട്ട് ഒരു റിവ്യൂ മീറ്റിംഗ് അടിയന്തരമായി വിളിക്കുന്നതാണ്.

## (9) ഇ.എസ്.ഐ. ഡിസ്പെൻസറി

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂരിൽ ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ കാച്ച്മെന്റ് ഏരിയ 20 കിലോമീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. അടൂരിന് 20 കിലോമീറ്റർ ചുറ്റളവിൽ ഏനാത്ത്,

കടമ്പനാട്, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ അടൂർ കേന്ദ്രമാക്കി പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങാൻ സാധ്യമല്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം ഇ.എസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

ശ്രീ. എം. നൗഷാദ്: കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപത്തെ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിൽ നിന്നും വേർപെടുത്തി സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തെ കൂടുതൽ പ്രവർത്തനക്ഷമമായ വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിൽ ലയിപ്പിച്ചത്. സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഒരു സബ്സിഡിയറി യൂണിറ്റായി പ്രവർത്തിക്കുന്നതാണ്

അഭികാമ്യം. ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിശോധിച്ച് യുക്തമായ നിലപാട് സ്വീകരിക്കുന്നതാണ്.

(11) വഴിയോര കച്ചവടക്കാരുടെ സംരക്ഷണം

ശ്രീ. എസ്. ശർമ്മ: വഴിയോര കച്ചവടക്കാർക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വേണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : ദേശീയ തെരുവുകച്ചവട സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് മുന്നോടിയായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കുകയും കരട് ചട്ടം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തെ അടിസ്ഥാനമാക്കി സ്കീം സമർപ്പിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. അത് ലഭിച്ചാലുടൻ തിരിച്ചറിയൽ കാർഡ് ലഭിച്ച തെരുവുകച്ചവടക്കാർക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇവർക്കായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശം ഭാവിയിൽ പരിശോധിക്കുന്നതാണ്.

**ധനകാര്യം**

## 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

(353,44,22,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി (725,38,62,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

` (674,04,43,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവന നിർമ്മാണം

(194,80,27,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

(443,99,98,000 രൂപ)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ പി. ഉബൈദുള്ള, എം. ഉമ്മർ, എൽദോസ് പി. കുന്നപ്പിള്ളിൽ, സി.മമ്മൂട്ടി, എ. പി. അനിൽകുമാർ, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, വി.എസ്. ശിവകുമാർ, പാറക്കൽ അബ്ദുല്ല, കെ. മുരളീധരൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. വിൻസെന്റ്, അനിൽ അക്കര, ഐ. സി. ബാലകൃഷ്ണൻ, കെ.എൻ. എ. ഖാദർ, അടൂർ പ്രകാശ്, റോജി എം. ജോൺ, പി. ടി. തോമസ്, അൻവർ സാദത്ത് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ സർക്കാരിന്റെ നിലപാടുകൾമൂലം തകർച്ചയിലായ കേരള സമൂഹത്തെ മികച്ച വികസന നിർദ്ദേശങ്ങളിലൂടെ വീണ്ടെടുക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. കോർപ്പറേറ്റ് താല്പര്യങ്ങൾ മുൻനിർത്തി മുൻ യു.പി.എ. സർക്കാർ രൂപപ്പെടുത്തിയ ജി.എസ്.ടി. നിർദ്ദേശങ്ങൾ അതേപടി നടപ്പാക്കുകയാണ് ബി.ജെ.പി. സർക്കാർ ചെയ്തത്. രാജ്യത്ത് നിലനിൽക്കുന്ന ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നതിനാണ് മാറിവരുന്ന കേന്ദ്ര സർക്കാരുകൾ ശ്രമിക്കുന്നത്. നോട്ടുനിരോധനംമൂലം പ്രതിസന്ധിയിലായ ചെറുകിടവ്യവസായ മേഖലയ്ക്ക് ജി.എസ്.ടി. ചുമത്തിയത് ഇരുട്ടടിയായി മാറി. കേന്ദ്ര സർക്കാർ നയങ്ങളുടെ ഫലമായി വിലക്കയറ്റം രൂക്ഷമാകുകയും സമ്പദ്ഘടന തകർച്ച നേരിടുകയുമാണ്. ജി.എസ്.ടി. നടപ്പാക്കിയതോടെ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വൻതോതിൽ കുറയുകയാണുണ്ടായത്. മുൻ യു.ഡി.എഫ്. സർക്കാർ സ്വകാര്യവ്യക്തികൾക്കും കുത്തകകൾക്കും ഭൂമി പതിച്ചുനൽകുന്നതിന് കൂട്ടുനിൽക്കുന്ന നിലപാടാണ് സ്വീകരിച്ചത്. മുൻ സർക്കാരിന്റെ കാലത്ത് ദുരിതാശ്വാസനിധി വൻതോതിൽ ദുരുപയോഗം ചെയ്തപ്പോൾ മനുഷ്യത്വപൂർണ്ണമായ വിനിയോഗമാണ് ഈ സർക്കാർ നടത്തുന്നത്. ഓഖി ദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ സർക്കാർ

പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ സംരക്ഷണത്തിനാണ് മുൻഗണന നൽകുന്നത്.

ശ്രീ. അനിൽ അക്കര: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് അഴിമതിക്കാരനെന്ന് പറഞ്ഞ് കെ.എം. മാണിക്കെതിരെ പ്രക്ഷോഭം നടത്തിയ സി.പി.എം. അധികാരത്തിൽ കയറിയപ്പോൾ അദ്ദേഹത്തിനെതിരെയുള്ള കേസ് എഴുതിത്തള്ളാനുള്ള ശ്രമമാണ് നടത്തുന്നത്. അധികാര വികേന്ദ്രീകരണം പഞ്ചായത്തുകൾക്ക് നൽകി ലോകത്തിനുതന്നെ മാതൃകയായ കേരളത്തിൽ സ്വരാജ് ട്രോഫിക്കുവേണ്ടി അപേക്ഷ നൽകാൻ അർഹത നേടിയത് 20-ൽ താഴെ പഞ്ചായത്തുകളാണ്. കഴിഞ്ഞ വർഷത്തേയ്ക്കുള്ള സ്പിൽ ഓവറിന്റെ തുക ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ചെലവഴിച്ചതുമൂലം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, ആദിവാസികൾ, കർഷകർ എന്നിവരുടെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് യഥാസമയം നൽകാൻ സാധിക്കാത്തവിധം ബില്ലുകൾ ട്രഷറിയിൽ കെട്ടിക്കിടക്കുകയാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് കേരളത്തിൽ നിലനിൽക്കുന്നത്. എല്ലാ തരത്തിലും ജനങ്ങളെ ബുദ്ധിമുട്ടിപ്പിച്ച് മുന്നോട്ടുപോകുന്ന ഒരു നയമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ആർ. രാമചന്ദ്രൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യം അതീവ ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. വരൾച്ച നിവാരണത്തിന് സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുകയും ബന്ധപ്പെട്ട

ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനം ഉറപ്പുവരുത്തുകയും വേണം. ഓഖി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ശ്രദ്ധാപൂർവ്വം മുന്നോട്ടുകൊണ്ടുപോകാനും തീരദേശ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ കേരളത്തിൽ ഭൂരഹിതർക്ക് ഭൂമി നൽകാൻ സാധിച്ചത് മഹത്തായ നേട്ടമാണ്. കാർഷിക മേഖലയുടെ വികസനത്തിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. നാലു ലക്ഷത്തോളം വരുന്ന ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ഓരോ വ്യക്തിക്കും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുകയും മിച്ചഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടിയും സ്വാഗതാർഹമാണ്. ഭൂമി സംബന്ധമായ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വകുപ്പുതലത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കിയത് അഭിനന്ദനീയമാണ്. 40,488.67 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡുകൾക്ക് കഴിഞ്ഞിട്ടുണ്ട്. 901 വില്ലേജുകളിൽ റീസർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചതും ശബരിമല സർവ്വേ എന്ന ദൗത്യം നിർവ്വഹിക്കുന്നതിനായി 16 ജി.പി.എസ്. സ്റ്റേഷനുകൾ സന്നിധാനത്ത് സ്ഥാപിച്ചതും ഹൈക്കോടതി നിയമിച്ച അഡ്വക്കേറ്റ് കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ റവന്യൂ, ദേവസ്വം, ഫോറസ്റ്റ്, സർവ്വേ എന്നീ വകുപ്പുകളുമായി

ചേർന്ന് തർക്കമുള്ള ഇടങ്ങളിൽ സംയുക്ത വെരിഫിക്കേഷൻ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്യേണ്ട 10,000 ഹെക്ടർ സ്ഥലം കണ്ടെത്താൻ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുകളുടെ അനുമതി ലഭിച്ചത് എടുത്തു പറയത്തക്ക നേട്ടമാണ്. 54859 പട്ടയങ്ങൾ വിവിധ ലാന്റ് ട്രൈബ്യൂണലുകൾ മുഖേന പതിച്ചു നൽകിയതും ഭൂമി പതിച്ചു കിട്ടിയവർക്ക് കൈമാറ്റം ചെയ്യുവാനുള്ള കാലപരിധി 12 വർഷമായി കുറയ്ക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇ-വേ ബിൽ പ്രാബല്യത്തിലാകുന്നതോടൊപ്പം ഫിസിക്കൽ വെരിഫിക്കേഷനും നടത്തിയാൽ മാത്രമേ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് കുറച്ചെങ്കിലും പരിഹാരം കാണാനാകൂ. മരുന്നുകളുടെ അമിത വിലവർദ്ധന തടയുന്നതിനാവശ്യമായ ഇടപെടൽ നടത്തണം. അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനും തീരദേശ മേഖലയിലെ പാവപ്പെട്ടവർക്ക് പട്ടയം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പ്ലാന്റേഷൻ മേഖലയിലെ കൃഷിക്കാരുടെ ഭൂമിക്ക് തണ്ടപ്പേര് സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം. കൃഷിനാശം സംഭവിച്ച കർഷകരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുകയും പ്രകൃതി ദുരന്തത്തിന് ഇരയായവർക്കുള്ള ധനസഹായം നേരിട്ട് അക്കൗണ്ടിലെത്തിക്കുന്നതിനുള്ള

സംവിധാനം ഏർപ്പെടുത്തുകയും വേണം. മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ പത്രപ്പരസ്യം നൽകി ലേലം ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകണം. റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ആവശ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിക്കണം. ഗവൺമെന്റ് ഭൂമിക്ക് പെർമിസീവ് സാങ്ഷൻ നൽകാനുള്ള ജില്ലാ കളക്ടർമാരുടെ അധികാരം പുനഃസ്ഥാപിക്കണം.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്തിനാകെ മാതൃകയായ ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. 54000 പുതിയ പട്ടയങ്ങൾ വിതരണം ചെയ്യാനും 1843 അനർഹ പട്ടയങ്ങൾ റദ്ദ് ചെയ്യാനും കഴിഞ്ഞ വർഷത്തെ അതിരൂക്ഷമായ വരൾച്ചയെ ഫലപ്രദമായി നേരിടാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കണം.

ശ്രീ. കെ. എം. മാണി: ഭൂനികുതിയിലും കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, മുക്ത്യാറുകൾ തുടങ്ങിയവയുടെ മുദ്രവിലയിലും ഏർപ്പെടുത്തിയ വർദ്ധനവ് പിൻവലിക്കണം. അശാസ്ത്രീയ രീതിയിലുള്ള നികുതി വർദ്ധനവ് സമ്പദ്ഘടനയെ തകർക്കുന്നതാണ്. റബ്ബറിന്റെ ഇംപോർട്ട് ഡ്യൂട്ടി ഇനത്തിൽ കേന്ദ്രഗവൺമെന്റിന് ലഭിച്ച തുക സഹായ പദ്ധതികളായി

സംസ്ഥാനത്തെ  കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇന്ധന വിലവർദ്ധനവിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി ഉപേക്ഷിക്കുന്നതിന് തീരുമാനമെടുക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കിയതും ഇടുക്കി ജില്ലയിൽ പ്രഖ്യാപിച്ചതിനേക്കാൾ കൂടുതൽ പട്ടയങ്ങൾ നൽകിയ നടപടിയും അഭിനന്ദനാർഹമാണ്. കെട്ടിട നിർമ്മാണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി നിലവിലെ പട്ടയങ്ങളിന്മേൽ എൻ.ഒ.സി. നൽകുന്നതിനും ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കാനായി രൂപീകരിച്ച മൂന്നാർ ട്രൈബ്യൂണൽ പിരിച്ചുവിടുന്നതിനും നടപടി സ്വീകരിക്കണം.  എൽ.എ. പട്ടയങ്ങളിലും ബിൽഡിംഗ് റൂൾസിലും ആവശ്യമായ മാറ്റങ്ങൾ വരുത്തി  മൂന്നാറിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണം. മൂന്നാർ ടൗൺഷിപ്പ് യാഥാർത്ഥ്യമാക്കണം. നിയമക്കുരുക്കുമൂലം തടസ്സപ്പെട്ടിരിക്കുന്ന റോഡുപണികൾ പുനരാരംഭിക്കുന്നതിനും മരംവെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: സ്വർണ്ണക്കടക്കാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന

നികുതി പുനഃസംഘടനയെക്കുറിച്ച് ആലോചിക്കണം. കാർഷിക മേഖലയിൽ ഏർപ്പെടുത്തിയ നികുതി ഒഴിവാക്കണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജി.എസ്.ടി.-യിലൂടെ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടില്ലെന്നു മാത്രമല്ല ഇൻഡ്യൻ ഫെഡറൽ സംവിധാനത്തിന് കനത്ത ആഘാതവുമേൽപ്പിച്ചിരിക്കുകയാണ്. നികുതി ഏകീകരണത്തിനു പകരം കമ്പോള ഏകീകരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ ഭൗതിക പശ്ചാത്തല വികസനത്തിനും പൊതുനിക്ഷേപം വ്യാപകമാക്കുന്നതിനും പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. തൊഴിലാളികളെയും സാമൂഹ്യമായി പിന്തള്ളപ്പെട്ടവരെയും സംസ്ഥാനത്തിന്റെ വികസന പാതയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കുടിവെള്ളം, തീരദേശ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ പണം നിക്ഷേപിക്കുക വഴി സംസ്ഥാന വികസനത്തിന് വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് കിഫ്ബി വ്യക്തമാക്കിയിരിക്കുകയാണ്. കേരളത്തിന്റെ വളർച്ച ഉറപ്പാക്കുന്നതോടൊപ്പം സാമൂഹ്യനീതിയുടെയും പരിസ്ഥിതി സുരക്ഷയുടെയും മാതൃകയായി ഈ സർക്കാർ മാറുകയാണ്. പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്നതിനും സാമൂഹ്യ നീതിയും

സാമ്പത്തിക വളർച്ചയും സുസ്ഥിരമാക്കുന്നതിനും സമുദായ സൗഹൃദവും സമാധാന അന്തരീക്ഷവും നിലനിർത്തുന്നതിനും ഉയർന്ന നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങളും മെച്ചപ്പെട്ട മനുഷ്യവിഭവ ശേഷിയും ഉയർത്തിക്കാട്ടി നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമുള്ള നീക്കങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ലൈഫ് മിഷൻ വഴി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രണ്ട് ലക്ഷം പാർപ്പിടങ്ങൾ നിർമ്മിക്കുമെന്നും ലാന്റ് ട്രൈബ്യൂണലിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുമെന്നും പ്രഖ്യാപിച്ചിരിക്കുകയാണ്. ഭൂരഹിതരും ഭവനരഹിതരും ഇല്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുള്ള പരിശ്രമവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ചട്ട പ്രകാരമുള്ള പട്ടയ വിതരണത്തിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനം കാര്യക്ഷമമല്ല. പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയാൻ സാധിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല. ഈ മേഖലയിൽ വിദഗ്ദ്ധരുടെ അഭാവം നിലനിൽക്കുന്നുണ്ട്. വയനാട്, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് ഡോപ്ലർ റഡാർ സിസ്റ്റവും കേരളത്തിലെ ഫിഷ് ലാന്റിംഗ് സെന്ററുകളിൽ സൈക്ലോൺ സിസ്സെമെനേഷൻ സംവിധാനവും ജി.പി.ആർ.എസ്. സഹായത്തോടെ കാലാവസ്ഥാ മാറ്റങ്ങൾ തൽസമയം അറിയാൻ കഴിയുന്ന സംവിധാനവും

സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. മഴക്കാലത്ത് തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ അഭിമുഖീകരിക്കുന്ന വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതിനും സൈക്ലോൺ റിസ്ക് ലിറ്റിഗേഷനുവേണ്ടി അനുവദിച്ച കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിനും Disaster response force-ന് ആവശ്യമായ പരിശീലനം നൽകി നിലനിർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പത്തയ്യായിരത്തോളം പേർക്ക് പട്ടയം നൽകി. ജി.എസ്.ടി.-യുടെ ഫലമായി രാജ്യത്തെ സാമ്പത്തിക വളർച്ച കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലാകുന്ന സാഹചര്യത്തിൽ ഈ സർക്കാർ ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ വിജയിച്ചു. ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് ഫണ്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ ഭൂമി ഉപയോഗപ്രദമാക്കുന്നതിനും അവകാശം സംരക്ഷിക്കപ്പെടുന്നതിനും കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കണം. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് കേരളത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ സുസ്ഥിരമായ ഒരു നിയമമുണ്ടാകണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിലും പട്ടയ വിതരണം നടപ്പിലാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടു.

ജി.എസ്.ടി. നടപ്പിലായതിന്റെ ഫലമായി വിലവർദ്ധന, നികുതി വർദ്ധന എന്നിവയിലൂടെ ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കപ്പെടുകയുണ്ടായി. നികുതിയടവ് കാര്യങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കണം. ഭൂനികുതി അടവ് സംബന്ധിച്ച് സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതിക്ക് മാറ്റം വരുത്തണം. വില്ലേജ് ഓഫീസുകളിലും അക്ഷയ സെന്ററുകളിലും മറ്റും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കണം. ഭൂനികുതി അടച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി വിവിധ ആവശ്യങ്ങൾക്ക് സ്വീകരിക്കത്തക്ക വിധത്തിൽ സർക്കുലർ പുറപ്പെടുവിക്കണം. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട നോംസിൽ മാറ്റം വരുത്തണം. കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സേവനം വിനിയോഗിക്കാൻ തീരുമാനമുണ്ടാകണം.

<u>ശ്രീ. ജോർജ് എം. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആവശ്യമായ മുന്നൊരുക്കമില്ലാതെ കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയ ജി.എസ്.ടി.യിലൂടെയും നോട്ട് നിരോധനത്തിലൂടെയും സംസ്ഥാനത്ത് നേരിട്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയാണ്. കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക-രാഷ്ട്രീയ നയങ്ങൾക്കെതിരെ ജനകീയ ബദൽ ഉയർത്തിപ്പിടിക്കുന്നതിനാണ് സംസ്ഥാന

ഗവൺമെന്റ് ശ്രമിക്കുന്നത്. വൻകിട കുത്തകകളെ സഹായിക്കുന്നതും കാർഷിക സമരങ്ങൾ അടിച്ചമർത്തുന്ന നിലപാടുകളുമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. വികസിത കേരളം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഫലമാണ് കിഫ്ബിയുടെ ആവിർഭാവം.

ശ്രീ. അടൂർ പ്രകാശ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്.ഗവൺമെന്റിന്റെ കാലത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അപേക്ഷ നൽകിയ മുഴുവൻ ആളുകൾക്കും ഭൂമി പതിച്ച് നൽകുകയും ഭൂമി വിതരണത്തിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. വൻകിട കുത്തകകൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിൽ ഈ ഗവൺമെന്റ് വ്യക്തമായ മാനദണ്ഡങ്ങൾ പാലിച്ചുകാണുന്നില്ല. ഹാരിസൺ മലയാളം പ്ലാന്റേഷനുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ നടത്തിപ്പിൽ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കാനും ടി സ്ഥാപനം അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് വിശദീകരിക്കാനും തയ്യാറാകണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കോന്നിയിൽ കള്ളപ്പട്ടയം നൽകിയെന്ന ആരോപണം അടിസ്ഥാനരഹിതമാണ്.

## VI **വിശദീകരണം**

<u>ശ്രീമതി ഇ. എസ്. ബിജിമോളുടെ ശ്രദ്ധക്ഷണിക്കലിനുള്ള വിശദീകരണം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): ശ്രീമതി ഇ. എസ്. ബിജിമോൾ ഇന്നലെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് പൊതുമരാമത്ത് ഫണ്ട് മന്ത്രിമാർക്ക് വീതിച്ചു നൽകിയെന്ന് പരാമർശിച്ചത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. രണ്ട് ബഡ്ജറ്റുകളിലായി റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ബഡ്ജറ്റ് വിഹിതവും സ്പെഷ്യൽ സാങ്ഷനും ചേർത്ത് 10 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. കഴിഞ്ഞവർഷം ഈയിനത്തിൽ അമ്പലപ്പുഴ, ഉടുമ്പൻചോല, പീരുമേട് എന്നിവിടങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ആവശ്യമായ തുക നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് അംഗങ്ങൾ ഉന്നയിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. നികുതി ചോർച്ച ഒഴിവാക്കുന്നതിനായി മാർച്ച് 1 മുതൽ ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാകുമ്പോൾ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. സ്വർണ്ണ നികുതിയിൽ കോമ്പൗണ്ട് ചെയ്ത വ്യാപാരികളുടെ കാര്യത്തിൽ പരിശോധന നടത്തുന്നതല്ല. സ്വർണ്ണ നികുതി നിർണ്ണയത്തിന് സമഗ്ര സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. കൃഷിക്കാരിൽ നിന്നും

കർഷകത്തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത ഭൂനികുതി അവരുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കാനാണുദ്ദേശിക്കുന്നത്. ഇക്കാര്യം കർഷക സംഘടനാ നേതാക്കളുമായി പ്രീ-ബഡ്ജറ്റ് ചർച്ചാവേളയിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ഫിനാൻസ് ആക്ടിന്റെ ചർച്ചാവേളയിൽ പരിശോധിക്കാവുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ജനസൗഹൃദ കേന്ദ്രമെന്ന നിലയിൽ വില്ലേജ് ആഫീസുകളെ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ആഫീസുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വില്ലേജ് ആഫീസുകളിൽ നിന്നും മറ്റ് റവന്യൂ ആഫീസുകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചുരുങ്ങിയ കാലയളവിനുള്ളിൽ വിവിധ ജില്ലകളിലായി ഏതാണ്ട് 62000-ൽപ്പരം പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. നിലവിലുള്ള ലാന്റ് ട്രിബ്യൂണലുകൾക്കുപുറമെ വിവിധ ജില്ലകളിലായി 29 സ്പെഷ്യൽ ട്രിബ്യൂണലുകൾ കൂടി രൂപീകരിക്കാൻ നടപടി സ്വീകരിച്ചു. ലാന്റ് ട്രിബ്യൂണലുകളിൽ നിലവിലുണ്ടായിരുന്ന 56000 ഫയലുകളിൽ

തീർപ്പുകൽപ്പിച്ചുകൊണ്ട് പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചു. പട്ടയവിതരണത്തിൽ നിലനിന്നിരുന്ന നിയമ തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതും വൻകിട കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സാധിച്ചതും അനധികൃത നിർമ്മാണങ്ങൾ തടയാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. താലൂക്ക് ലാന്റ് ബോർഡുകൾ പുനഃസംഘടിപ്പിച്ച് നിലവിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനും കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി തിരിച്ചെടുക്കാനുള്ള നടപടി ഊർജ്ജിതമാക്കാനും സാധിച്ചു. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിന് സത്വരനടപടി സ്വീകരിച്ചുവരുന്നു. പുനരധിവാസ പാക്കേജിൽ ആകർഷകമായ മാറ്റം വരുത്തി നയം രൂപീകരിക്കാൻ സാധിച്ചു. ഭൂമി കയ്യേറ്റം തടയുന്നതിന് എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചു. റവന്യൂ വിജിലൻസ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞു. സംസ്ഥാന ദുരന്ത നിവാരണ സംവിധാനം വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ അർഹതപ്പെട്ടവർക്ക് വനം വകുപ്പിന്റെ അനുമതിയോടുകൂടി പട്ടയം വിതരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൂടുതൽ ശക്തമാക്കാനും അവശേഷിക്കുന്ന നെൽവയലുകളും

തണ്ണീർത്തടങ്ങളും സംരക്ഷിക്കാനും ക്രിയാത്മകമായ നടപടി സ്വീകരിക്കുന്നതാണ്. തരിശ് ഭൂമിയിൽ ഉടമസ്ഥന്റെ അനുമതിയില്ലെങ്കിലും വിവിധ ഏജൻസികൾ മുഖേന കൃഷി ചെയ്യുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരുന്നതാണ്. വിവിധ ജില്ലകളിലായി നികത്തിയ 38.58 ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർവ്വസ്ഥിതിയിലാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പ്രദേശങ്ങളുടെയും റീസർവ്വേ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും അംഗീകൃത ഏജൻസികളുടെയും സഹായത്തോടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തുകയും ആഡംബര നികുതി സ്ലാബ് അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കാൻ ഭേദഗതി തയ്യാറാക്കി നിയമ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ഫ്ലാറ്റുകളുടെ നികുതി നിർണ്ണയത്തിൽ മാനദണ്ഡം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 14 കളക്ടറേറ്റുകളെയും ഇ-ഓഫീസ് ശൃംഖലവഴി ബന്ധിപ്പിക്കാനും റവന്യൂ റിക്കവറി നടപടി പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കാനും മന്ത്രിയുടെ ആഫീസ് മുതൽ വില്ലേജ് ആഫീസ് വരെയുള്ള തലങ്ങൾ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഏത് സമയത്തും എവിടെനിന്നും റവന്യൂ വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട നികുതിയും ഫീസും ഓൺലൈനായി അടയ്ക്കുന്നതിന് സമഗ്ര റവന്യൂ പോർട്ടൽ നടപ്പിലാക്കും. 60 സ്മാർട്ട് വില്ലേജ് ആഫീസുകൾകൂടി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പവർ ഗ്രിഡ്

കോർപ്പറേഷന് ഭൂമി ഏറ്റെടുക്കുന്നതിന് രണ്ട് പുതിയ സ്പെഷ്യൽ ഓഫീസുകൾ ആരംഭിക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണ വകുപ്പിന് കീഴിലുള്ള ഗൃഹശ്രീ പദ്ധതിയിലൂടെ 16.10 കോടി രൂപ വിതരണം ചെയ്യുകയും വായ്പാ തിരിച്ചടവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.  നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്നതും താമസ സൗകര്യമില്ലാത്തതുമായ ആളുകൾക്ക് കുറഞ്ഞ വാടകയ്ക്ക്  പൂജപ്പുരയിൽ മൂന്നും നാലും ഘട്ടങ്ങളിലായി 48 ഫ്ലാറ്റുകൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിനുള്ള വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ പൂർത്തിയായിട്ടുണ്ട്. ഹരിപ്പാട് റവന്യൂ ടവറിന്റെ  പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഗുണമേന്മയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള യൂണിറ്റുകൾ തിരുവനന്തപുരത്തും പാലക്കാട്ടും  ആരംഭിച്ചു. 1965-ലെ കെട്ടിട വാടക നിയന്ത്രണ നിയമം പരിഷ്കരിക്കാനുള്ള  പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കേരള  സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പുന:സംഘടിപ്പിക്കുകയും തൊഴിലധിഷ്ഠിത പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കുന്ദമംഗലം സബ് താലൂക്ക് ആഫീസിനെ

ശാക്തീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും 35-നെതിരെ 83 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 3.44-ന് പിരിഞ്ഞു.)